ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

DATE: 02.07.2026 TIME : 06.30 PM

## പ്രധാന വാർത്തകൾ

1) ഊർജ്ജ സുരക്ഷ, ഔഷധ നിർമ്മാണം, പ്രതിരോധം, നിർമിത ബുദ്ധി തുടങ്ങിയ മേഖലകളിലെ സഹകരണം വർധിപ്പിക്കുന്നതിന് ഇന്ത്യയും ജപ്പാനും കരാറുകളിൽ ഒപ്പുവെച്ചു.

2) പരിസ്ഥിതി ലോല പ്രദേശ നിർണയത്തിൽ ഏറ്റവും കൃത്യമായ പഠനം നടത്തിയ സംസ്ഥാനം കേരളമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

3) പ്ലസ് വൺ മെറിറ്റ് വിഭാഗത്തിലെ പ്രവേശന നടപടികൾ നാളെ അവസാനിക്കും.

4) പകർച്ചപ്പനി പ്രതിരോധത്തിന് ആരോഗ്യഭേരി പദ്ധതിയുമായി എറണാകുളം ജില്ലാ പഞ്ചായത്ത്. ബോധവത്കരണ ശിൽപശാല മന്ത്രി റോജി എം. ജോൺ നാളെ ഉദ്ഘാടനം ചെയ്യും.

5) ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ നാളെ മുതൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യത.

6) ഫിഫ ലോകകപ്പിൽ പ്രീ-ക്വാർട്ടർ ലക്ഷ്യമിട്ട് സ്പെയിനും, ഓസ്ട്രിയയും ഇന്ന് ഇറങ്ങും.

**ജപ്പാൻ പ്രധാനമന്ത്രി (ഇൻട്രോ)**

ഊർജ്ജ സുരക്ഷ, ഔഷധ നിർമ്മാണം, പ്രതിരോധം, നിർമിത ബുദ്ധി തുടങ്ങിയ മേഖലകളിലെ സഹകരണം വർധിപ്പിക്കുന്നതിന് ഇന്ത്യയും ജപ്പാനും നിരവധി കരാറുകളിൽ ഒപ്പുവെച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ജപ്പാൻ പ്രധാനമന്ത്രി സനെ തകായ്ച്ചി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് കരാറുകളിൽ ഒപ്പുവെച്ചത്.

**ഒരു റിപ്പോർട്ട്.....**

*(വോയിസ്)*

*ഇന്ത്യ-ജപ്പാൻ സംയുക്ത സാമ്പത്തിക ഫോറത്തെയും ഇന്ത്യ - ജപ്പാൻ പ്രധാനമന്ത്രിമാർ അഭിസംബോധന ചെയ്തു. ഇരുരാജ്യങ്ങളുടെയും സാമ്പത്തിക പങ്കാളിത്തത്തിന്റെ വിജയത്തിന് നിരവധി മികച്ച ഉദാഹരണങ്ങളുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ജപ്പാന്റെ വൈദഗ്ധ്യവും നിക്ഷേപവും ഇന്ത്യയുടെ വേഗതയും വ്യാപ്തിയും ഒത്തുചേരുമ്പോൾ, ലോകത്തിനു മുഴുവൻ നേട്ടമുണ്ടാകുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഊർജ്ജമേഖലയുടെ സുരക്ഷയ്ക്കും വികസനത്തിനും ജി-7 ഉച്ചകോടിയിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ പവർ ഏഷ്യ സംരംഭത്തിലൂടെ സാധിക്കുമെന്ന് ജപ്പാൻ പ്രധാനമന്ത്രി സനേ തകായിച്ചി പറഞ്ഞു. ഹരിയാനയിലെ ഖാർഖോഡയിൽ മാരുതി സുസുക്കിയുടെ നാലാമത്തെ വാഹന നിർമ്മാണ കേന്ദ്രം ഇരു നേതാക്കളും സംയുക്തമായി ഉദ്ഘാടനം ചെയ്തു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.*

****************************

**മുഖ്യമന്ത്രി-പരിസ്ഥിതി ലോലം**

പരിസ്ഥിതി ലോല പ്രദേശ നിർണയ വിഷയത്തിൽ രാജ്യത്ത് ഏറ്റവും കൃത്യവും വിശദവുമായ പഠനം നടത്തിയ സംസ്ഥാനം കേരളമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഈ പഠനം കേന്ദ്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഇ എസ് എ നിർണയം സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈ വിഷയത്തിൽ സംസ്ഥാനം സമർപ്പിച്ച കണക്കുകൾ കൃത്യമാണെന്ന് യോഗം വിലയിരുത്തി.

****************************

## കാൻസർ സെന്റർ

വയനാട് നല്ലൂർനാട് അംബേദ്കർ മെമ്മോറിയൽ ജില്ലാ കാൻസർ സെന്ററിൽ നിർമിക്കുന്ന മോഡൽ കാൻസർ കെയർ സെന്റർ കെട്ടിട നിർമാണം നാളെ മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും. ആസ്പിരേഷൻ ജില്ലാ പദ്ധതിക്ക് കീഴിലാണ് സെൻറർ നിർമ്മിച്ചിരിക്കുന്നത്.

****************************

## വിഴിഞ്ഞം - സി എം

വിഴിഞ്ഞം തുറമുഖത്തിന്റെ ഓഹരി വിൽപ്പന സംബന്ധിച്ച് പുറത്ത് വന്ന പ്രഖ്യാപനത്തിൽ സംസ്ഥാന സർക്കാരിൻറെ അതൃപ്തി മുഖ്യമന്ത്രി വി.ഡി സതീശൻ അദാനി പോർട്സിനെ അറിയിച്ചു. സംസ്ഥാന സർക്കാരുമായി ഉണ്ടാക്കിയ കൺസഷൻ കരാറിന്റെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായത്. കരാറിലെ വ്യവസ്ഥകളും നിർദേശങ്ങളും കർശനമായി പരിശോധിച്ച ശേഷം ഓഹരി വിൽപന വിഷയത്തിൽ തുടർ നിലപാട് സ്വീകരിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

****************************

## ആരോഗ്യഭേരി

പകർച്ചപ്പനിയെ പ്രതിരോധിക്കാൻ ആരോഗ്യഭേരി സമഗ്ര കർമ്മപദ്ധതിയുമായി എറണാകുളം ജില്ലാ പഞ്ചായത്ത്. ഇതിന്റെ ഭാഗമായി ഈ മാസം മുതൽ സെപ്റ്റംബർ വരെ തീവ്രഘട്ടമായി കണക്കാക്കി പ്രത്യേക ബോധവത്കരണം നടപ്പാക്കും. ശില്പശാലയുടെ ഉദ്ഘാടനം മന്ത്രി റോജി എം. ജോൺ നാളെ നിർവ്വഹിക്കും. ഒരു വർഷം നീളുന്ന പദ്ധതി ജില്ലാപഞ്ചായത്തിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

****************************

## സെൻസസ്

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. സംസ്ഥാനത്ത് ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടക്കുക.

****************************

## ചിറ്റൂർ പുഴ പദ്ധതി പാലക്കാട്(ഇൻട്രോ)

പാലക്കാട് ചിറ്റൂർ പുഴ പദ്ധതി പ്രദേശത്ത് ഒന്നാം വിളയ്ക്ക് പറമ്പിക്കുളം - ആളിയാർ കുടിശിക ജലം നേടിയെടുക്കാൻ മുഖ്യമന്ത്രിയുടെ ഇടപെടൽ ആവശ്യപ്പെട്ട് കത്ത് നൽകും. പാലക്കാട് ജില്ലാ കളക്ടർ കെ. സുധീറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.
**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്..........**

(വോയിസ്)

***************************

## തിരുവനന്തപുരം സെൻട്രൽ

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലെ റെയിൽവേ ട്രാക്കിലേക്ക് വീണ പൈലിംഗ് യന്ത്രം മാറ്റാനുള്ള ശ്രമം അവസാനഘട്ടത്തിൽ. ഒന്നാം നമ്പർ പ്ലാറ്റ്ഫോമിന് മുകളിലേക്കാണ് പൈലിങ് യന്ത്രം മറിഞ്ഞത്. ആളപായമില്ല. സംഭവത്തെത്തുടർന്ന് ഒന്നാമത്തെ പ്ലാറ്റ്ഫോമിലൂടെയുള്ള ട്രെയിൻ ഗതാഗതം തത്കാലികമായി നിർത്തിവച്ചു. അതേസമയം, ട്രെയിൻ സർവീസുകൾക്ക് തടസ്സമില്ലെന്ന് റെയിൽവേ അറിയിച്ചു.

***************************

## കശുവണ്ടി ഇറക്കുമതി കേസ്

കശുവണ്ടി ഇറക്കുമതി അഴിമതിക്കേസിലെ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യാൻ സി.ബി.ഐക്ക് അനുമതി നൽകിയതായി സംസ്ഥാന സർക്കാർ ഹൈകോടതിയെ അറിയിച്ചു. ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡന്റും കശുവണ്ടി വികസന കോർപറേഷൻ മുൻ ചെയർമാനുമായ ആർ. ചന്ദ്രശേഖരൻ, മുൻ മാനേജിംഗ് ഡയറക്ടർ കെ.എ. രതീഷ് എന്നിവർ കേസിൽ വിചാരണ നേരിടേണ്ടി വരും. ഉത്തരവിന്റെ പകർപ്പ് ഹാജരാക്കാൻ കോടതി നിർദേശിച്ചു. ഹർജി ബുധനാഴ്ച വീണ്ടും പരിഗണിക്കും.

***************************

## പ്ലസ് വൺ

പ്ലസ് വൺ മെറിറ്റ് വിഭാഗത്തിനുള്ള പ്രവേശന നടപടികൾ നാളെ അവസാനിക്കും. മൂന്നാമത്തേതും അവസാനത്തേയും ഘട്ട

അലോട്ട്മെന്റ് ലഭിച്ചവരുടെ പ്രവേശനം വൈകിട്ട് അഞ്ചു മണിക്ക് പൂർത്തിയാകും. ഉയർന്ന ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ലഭിക്കാത്തതിനാൽ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും ഫീസ് അടച്ച് സ്ഥിര പ്രവേശനം നേടണം. ഒന്നിൽ കൂടുതൽ ക്വാട്ടകളിൽ പ്രവേശനത്തിന് അർഹത ലഭിച്ചവർ ഏറ്റവും അനുയോജ്യമായ ക്വാട്ടയിലെ പ്രവേശനം തെരഞ്ഞെടുക്കണം. സപ്ലിമെന്ററി അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ പിന്നീട് പ്രഖ്യാപിക്കും.

****************************

## മുഖ്യമന്ത്രി-ഓണാഘോഷയോഗം

ഓണാഘോഷവുമായി ബന്ധപ്പെട്ട് വകുപ്പുതല ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി വി ഡി സതീശന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം ചേർന്നു. ഓണക്കാലത്തെ കൃത്രിമ വിലക്കയറ്റം തടയാൻ ദിവസേന വിപണി നിരീക്ഷണം ഏർപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അവശ്യസാധനങ്ങളുടെ വിലയിൽ അസ്വാഭാവിക വർധന കണ്ടെത്തിയാൽ ഇടപെടുന്നതിന് റവന്യൂ, പോലീസ് വകുപ്പുകളുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന ശക്തമാക്കുമെന്നും അദ്ദേഹം അറിയിച്ചു. ഓഗസ്റ്റ് 24 മുതൽ 30 വരെയാണ് ഇത്തവണത്തെ ഓണം വാരാഘോഷം.

****************************

## മഴ-കേരളം

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ നാളെ മുതൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കണ്ണൂരും കാസർഗോഡും നാളെ ഓറഞ്ച് ജാഗ്രതാ നിർദ്ദേശം

നൽകിയിട്ടുണ്ട്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെയും, കർണാടക തീരത്ത് തിങ്കളാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***************************

## കെ എസ് ആർ ടി സി(ഇ ൻട്രോ)

വയനാട്ടിലെ കെ എസ് ആർ ടി സി ബഡ്ജറ്റ് ടൂറിസം സെൽ മികച്ച പ്രകടനം കാഴ്ച വെച്ച് മുന്നോട്ട്. സാധാരണക്കാരന്റെ യാത്രാ ആവശ്യങ്ങൾക്കപ്പുറം, വിനോദസഞ്ചാര രംഗത്തും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുമെന്നതിന്റെ തെളിവാണിത്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജി ല്ലാ പ്രതിനിധി അരു ൺ വിൻസെന്റ്.....**

(വോയിസ്)

***************************

## ഫിഫ

ഫിഫ ലോകകപ്പിൽ പ്രീ ക്വാർട്ടർ ലക്ഷ്യമിട്ട് സ്പെയിൻ ഓസ്ട്രിയയുമായി ഏറ്റുമുട്ടും. ഇന്ന് രാത്രി 12.30നാണ് മത്സരം. ഗ്രൂപ്പ് ഘട്ടത്തിൽ ഒരു ഗോൾ പോലും വഴങ്ങാതെ ഗ്രൂപ്പ് ചാമ്പ്യന്മാരായാണ് സ്പെയിൻ നോക്ഔട്ടിലേക്ക് പ്രവേശിച്ചത്. 28 വർഷത്തിന് ശേഷം ആദ്യമായി ലോകകപ്പിന് യോഗ്യത നേടിയ ഓസ്ട്രിയ ചരിത്രനേട്ടമാണ് ലക്ഷ്യമിടുന്നത്. നാളെ രാവിലെ 4.30 നുള്ള മത്സരത്തിൽ പോർച്ചുഗൽ ക്രോയേഷ്യയെ നേരിടും.

***************************

## സി.എസ്.ഐ.ആർ-എഥനോൾ

സുസ്ഥിര ജൈവ ഇന്ധന ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും തോട്ടവിള ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും ലക്ഷ്യമിട്ട് സി.എസ്.ഐ.ആർ - NIIST തിരുവനന്തപുരവും ഹൈദരാബാദ് ആസ്ഥാനമായുള്ള 3 കസിൻലാബ്സും ധാരണാപത്രം ഒപ്പുവെച്ചു. പഴങ്ങളുടെ പൾപ്പിൽ നിന്നും ജ്യൂസുകളിൽ നിന്നും എഥനോൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കാണ് ഇരുസ്ഥാപനങ്ങളും കൈകോർക്കുന്നത്. ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽ ലഭ്യമാകുന്ന വിവിധ സീസണൽ പഴങ്ങളിൽ നിന്ന് എഥനോൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ സാങ്കേതികവും വാണിജ്യപരവുമായ സാധ്യതകൾ വിലയിരുത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

****************************

## ഒ വി വിജയൻ ജന്മദിനം

സാഹിത്യകാരൻ ഒ.വി വിജയന്റെ 96-ാമത് ജന്മവാർഷിക ദിനം പാലക്കാട് തസ്രാക്കിൽ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. 'തസ്രാക്ക് ഒരു ചിത്രകല കാവ്യം' എന്ന ആഘോഷ പരിപാടി ജില്ലാ കളക്ടർ സുധീർ.കെ ഉദ്ഘാടനം ചെയ്തു.

****************************

## ഓഹരി - സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 579 പോയിന്റ് ഉയർന്ന് 77,502 ലും നിഫ്റ്റി 170 പോയിന്റ് നേട്ടത്തിൽ 24,176 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിൽ ഇന്ന് രാവിലെ വർധനയുണ്ടായെങ്കിലും പിന്നീട് വിലയിൽ ഇടിവ് രേഖപ്പെടുത്തി. രാവിലെ പവന് 1,680 രൂപ കൂടി ഒരു ലക്ഷത്തി 6,000 രൂപയായിരുന്നു ഇന്നത്തെ സ്വർണവില. എന്നാൽ, 10 മണിയോടെ പവന് 560 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 5,440

രൂപയായി. ഒരു ഗ്രാം സ്വർണത്തിന് 13,180 രൂപയാണ് ഇന്നത്തെ വില.